**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 33** **08-06-2021 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യസുരക്ഷാ- ക്ഷേമ പെൻഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീമതി ദെലീമ,<br>ശ്രീ. എം.വിജിൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മഹാമാരി സൃഷ്ടിച്ച പ്രതിസന്ധി അതിജീവിക്കുന്നതിന് മുൻ സർക്കാർ വർദ്ധിപ്പിച്ചു നൽകിയ പെൻഷൻ യഥാസമയം നൽകുന്നതിനുവേണ്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; | (എ) | 03.02.2021 ലെ സ.ഉ(എംഎസ്)നം.16/2021/ധന. ഉത്തരവ് പ്രകാരം മുൻ സർക്കാർ സാമൂഹ്യസുരക്ഷാ/ ക്ഷേമനിധി ബോർഡ് പെൻഷനുകൾ 2021 ഏപ്രിൽ മാസം മുതൽ 1600/- രൂപയായി വർദ്ധിപ്പിച്ചിരുന്നു. വർദ്ധിപ്പിച്ച നിരക്കിൽ 2021 ഏപ്രിൽ, മേയ് മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ യഥാക്രമം 25/03/2021-ലെ സ.ഉ(സാധാ) നം 2889/2021/ധന, 24/05/2021 ലെ സ.ഉ(സാധാ) നം. 4139/2021/ധന ഉത്തരവുകൾ പ്രകാരവും, ക്ഷേമനിധി ബോർഡു പെൻഷനുകൾ യഥാക്രമം 25/03/2021 ലെ സ.ഉ(സാധാ)നം.2890/2021/ധന, 21/05/2021 ലെ സ.ഉ(സാധാ)നം.4100/2021/ധന ഉത്തരവുകൾ പ്രകാരവും അനുവദിച്ചിട്ടുണ്ട്. 2021 ഏപ്രിൽ മാസത്തെ പെൻഷൻ വിഷുവിനു മുൻപ് വിതരണം നടത്തിയിട്ടുണ്ട്. മേയ് മാസത്തെ പെൻഷൻ വിതരണം നടത്തി വരുന്നു. ഇതിനായി ജൂൺ 5 വരെ സമയം അനുവദിച്ചിട്ടുണ്ട്. |
| (ബി) | വിവിധ സാമൂഹ്യസുരക്ഷാ-ക്ഷേമ പെൻഷനുകൾ ലഭിക്കുന്നവരുടെ എണ്ണം എത്രയെന്നതിന്റെ കണക്ക് ലഭ്യമാണോ; | (ബി) | ലഭ്യമാണ് |
| (സി) | ഇത്തരത്തിലുള്ള വിവിധ പെൻഷനുകൾക്കായി സംസ്ഥാന സർക്കാർ നൽകുന്ന തുകയും കേന്ദ്രസർക്കാർ വിഹിതവും എത്ര വീതമെന്ന് അറിയിക്കാമോ? | (സി) | വിവിധ പെൻഷനുകൾക്കായി സംസ്ഥാന സർക്കാർ നൽകുന്ന തുകയും കേന്ദ്ര സർക്കാർ വിഹിതവും എത്ര വീതമെന്നുള്ളത് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## വിശദീകരണ കുറിപ്പ്

03/02/2021-ലെ സ.ഉ. (എം.എസ്)നം. 16/2021/ധന. ഉത്തരവ് പ്രകാരം മുൻ സർക്കാർ, സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡു പെൻഷൻ തുക 2021 ഏപ്രിൽ മുതൽ 1600/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. തുടർന്ന് 08/02/2021-ലെ. സ.ഉ. (എം.എസ്) നം. 18/2021/ധന. ഉത്തരവ് പ്രകാരം വിഷു പ്രമാണിച്ച് 2021 ഏപ്രിൽ മാസത്തെ സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡു പെൻഷനുകൾ ഏപ്രിൽ 14-നു മുൻപ് വിതരണം ചെയ്യുന്നതിനും ഉത്തരവായിരുന്നു. പെൻഷൻ വിതരണം സുഗമമായി നടത്തുന്നതിന് 10 പ്രവൃത്തി ദിവസങ്ങളെങ്കിലും അനിവാര്യമായതിനാൽ 2021 ഏപ്രിൽ മാസത്തെ പെൻഷൻ തുക വിഷുവിനു മുൻപായി ഗുണഭോക്താക്കൾക്ക് ലഭിയ്ക്കുന്നതിന് 2021 മാർച്ച് 27 മുതൽ തന്നെ പെൻഷൻ വിതരണം ആരംഭിക്കേണ്ടതുണ്ടായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 2021 ഏപ്രിൽ മാസത്തെ സാമൂഹ്യ സുരക്ഷാ / ക്ഷേമനിധി ബോർഡു പെൻഷനുകൾ വർദ്ധിപ്പിച്ച നിരക്കിൽ 25/03/2021-ലെ സ.ഉ(സാധാ) നം. 2889/2021/ധന, സ.ഉ.(സാധാ) നം. 2890/2021/ധന. എന്നീ ഉത്തരവുകൾ പ്രകാരം അനുവദിച്ച വിതരണം ചെയ്തിരുന്നു. 2021 മേയ് മാസത്തെ ക്ഷേമനിധി ബോർഡ്/സാമൂഹ്യ സുരക്ഷാ പെൻഷനുകൾ യഥാക്രമം 21.05.2021-ലെ സ.ഉ.(സാധാ)നം. 4100/2021/ധന, 24.05.2021-ലെ സ.ഉ(സാധാ) നം. 4139/2021/ധന. എന്നീ ഉത്തരവുകൾ പ്രകാരം അനുവദിച്ചിട്ടുണ്ട്. മേയ് മാസത്തെ പെൻഷൻ വിതരണം നടത്തി വരുന്നു. ഇതിനായി ജൂൺ 5 വരെ സമയം അനുവദിച്ചിട്ടുണ്ട്.

2021 മേയ് മാസത്തെ കണക്കുകൾ പ്രകാരം 47,72,279 സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾക്കും, 6,51,572 ക്ഷേമനിധി ബോർഡു പെൻഷൻ ഗുണഭോക്താക്കൾക്കും ചേർത്ത് ആകെ 54,23,851 പേർക്ക് സാമൂഹ്യസുരക്ഷാ/ ക്ഷേമനിധി ബോർഡു പെൻഷനുകൾ നൽകുന്നതിനായി 831.11 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ, വികലാംഗ പെൻഷൻ എന്നീ പെൻഷനുകൾ ലഭിക്കുന്ന ബി.പി.എൽ വിഭാഗത്തിലുള്ള 6,88,329 ഗുണഭോക്താക്കൾക്കു മാത്രമേ കേന്ദ്ര വിഹിതം ലഭിക്കുകയുള്ളൂ. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതം സംബന്ധിച്ച വിശദാംശങ്ങൾ താഴെക്കൊടുത്തിരിക്കുന്നു:

| **പെൻഷൻ ഇനം** | **പെൻഷൻ ഉപ വിഭാഗം** | **പ്രതിമാസ സംസ്ഥാന വിഹിതം (രൂപ)** | **പ്രതിമാസ കേന്ദ്ര വിഹിതം (രൂപ)** | **ആകെ (രൂപ)** |
|---|---|---|---|---|
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | പ്രായം 80 വയസ്സിന് താഴെ | 1400 | 200 | 1600 |
| | പ്രായം 80 വയസ്സും അതിനു മുകളിലും | 1100 | 500 | 1600 |
| ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | അംഗപരിമിതി 80% ത്തിൽ കുറവ് (80 വയസ്സിനു താഴെ) | 1600 | ഇല്ല | 1600 |
| | അംഗ പരിമിതി 80% ഉം അതിനു മുകളിലും (18 വയസ്സ മുതൽ 80 വയസ്സിനു താഴെ വരെ) | 1300 | 300 | 1600 |
| | അംഗ പരിമിതി 80% ഉം അതിനു മുകളിലും (80 വയസ്സും അതിനു മുകളിലും) | 1100 | 500 | 1600 |
| | അംഗ പരിമിതി 80% ഉം അതിനു മുകളിലും (18 വയസ്സിനു താഴെ) | 1600 | ഇല്ല | 1600 |
| ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 40 വയസ്സിൽ താഴെ | 1600 | ഇല്ല | 1600 |
| | 40 വയസ്സ മുതൽ 80 വയസ്സിനു താഴെ വരെ | 1300 | 300 | 1600 |
| | 80 വയസ്സും അതിനു മുകളിലും | 1100 | 500 | 1600 |
| കർഷക തൊഴിലാളി പെൻഷൻ | | 1600 | ഇല്ല | 1600 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | | 1600 | ഇല്ല | 1600 |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| **പെൻഷൻ ഇനം** | **പെൻഷൻ ഉപ വിഭാഗം** | **പ്രതിമാസ സംസ്ഥാന വിഹിതം (രൂപ)** | **പ്രതിമാസ കേന്ദ്ര വിഹിതം (രൂപ)** | **ആകെ (രൂപ)** |
|---|---|---|---|---|
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | പ്രായം 80 വയസ്സിന് താഴെ | 1400 | 200 | 1600 |
| | പ്രായം 80 വയസ്സും അതിനു മുകളിലും | 1100 | 500 | 1600 |
| ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | അംഗപരിമിതി 80% ത്തിൽ കുറവ് (80 വയസ്സിനു താഴെ) | 1600 | ഇല്ല | 1600 |
| | അംഗ പരിമിതി 80% ഉം അതിനു മുകളിലും (18 വയസ്സ മുതൽ 80 വയസ്സിനു താഴെ വരെ) | 1300 | 300 | 1600 |
| | അംഗ പരിമിതി 80% ഉം അതിനു മുകളിലും (80 വയസ്സും അതിനു മുകളിലും) | 1100 | 500 | 1600 |
| | അംഗ പരിമിതി 80% ഉം അതിനു മുകളിലും (18 വയസ്സിനു താഴെ) | 1600 | ഇല്ല | 1600 |
| ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 40 വയസ്സിൽ താഴെ | 1600 | ഇല്ല | 1600 |
| | 40 വയസ്സ മുതൽ 80 വയസ്സിനു താഴെ വരെ | 1300 | 300 | 1600 |
| | 80 വയസ്സും അതിനു മുകളിലും | 1100 | 500 | 1600 |
| കർഷക തൊഴിലാളി പെൻഷൻ | | 1600 | ഇല്ല | 1600 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | | 1600 | ഇല്ല | 1600 |